പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5286.

31.10.2016 ൽ
മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പോലീസ് സ്റ്റേഷൻ നവീകരണത്തിന് വേണ്ടി നടപ്പിലാക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിന് വിപുലമായ പുതിയ പദ്ധതികൾ ആലോചിക്കുന്നു. സൈബർ സ്പേസിന്റെ ദുരുപയോഗം കണക്കിലെടുത്ത് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനും പരിശീലനത്തിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകുന്നതാണ്. പോലീസ് സ്റ്റേഷനുകളുടെ നിലവാരമുയർത്തി സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി മാറ്റുന്നതിന് ഘട്ടം ഘട്ടമായി നടപടിയെടുക്കും. കുറ്റവാളികളെയും, കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകരമായ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി 'ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റം' ശൃംഖലയിൽ എല്ലാ പോലീസ് സ്റ്റേഷനേയും ഉൾപ്പെടുത്തും, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി കൂടുതൽ വനിതാ പോലീസുകാരെ നിയമിക്കുന്നതിനുള്ള സാധ്യത പരിശോധിക്കും. |
| (സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാണോ; വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് 4 പോലീസ് സ്റ്റേഷനുകൾ (മലയാലപ്പുഴ, ആലപ്പുഴ വനിതാ പോലീസ് സ്റ്റേഷൻ, തങ്കമണി, മുഴക്കുന്ന്) ഒഴികെ ബാക്കിയുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാണ്. |
| (ഡി) ഇല്ലെങ്കിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കാൻ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കുമോ? | (ഡി) ഇന്റർനെറ്റ് കണക്റ്റിവിറ്റിക്കായി നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ